**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4463** **29-10-2021 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് പഠനമുറി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | 8 മുതൽ 12 -ാം ക്ലാസ്സ് വരെയുള്ള പട്ടിക ജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് 120 ചതുരശ്ര അടി പഠനമുറി നിർമ്മിക്കാനുള്ള പദ്ധതിയുടെ വിശദാംശങ്ങൾ നൽകാമോ; | (എ) | ഒരു ലക്ഷം രൂപ വരെ വാർഷിക കുടുംബ വരുമാനമുള്ള പട്ടികജാതി കുടുംബങ്ങളിലെ ഗവ:/ എയ്ഡഡ്/ടെക്നിക്കൽ/സ്പെഷ്യൽ സ്കൂളുകളിൽ 8 മുതൽ 12 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് നിലവിലുള്ള വീടിനോടൊപ്പം പഠനമുറി നിർമ്മിക്കുന്നതിന് 2,00,000/- രൂപ (രണ്ട് ലക്ഷം രൂപ) ധനസഹായം അനുവദിച്ചു നൽകുന്ന പദ്ധതിയാണിത്. 4 ഗഡുക്കളായിട്ടാണ് ടി ധനസഹായം ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കുന്ന ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും മുൻഗണന ക്രമത്തിലാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. |
| (ബി) | പട്ടിക ജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിച്ചു നൽകുന്ന പദ്ധതിയുടെ ഉപഭോക്താക്കളെ തെരെഞ്ഞെടുക്കാനുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ; | (ബി) | പട്ടികജാതി വികസന വകുപ്പ് മുഖേനയുള്ള പഠനമുറി പദ്ധതിയുടെ മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു. 1. പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളായിരിക്കണം. 2. ഹൈസ്കൂൾ/പ്ലസ് ടു ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളായിരിക്കണം. 3. നിലവിലുള്ള വീടിന്റെ വിസ്തീർണ്ണം 800 ചതുരശ്ര അടിയിൽ അധികരിക്കാൻ പാടില്ല. 4. കുടുംബ വാർഷിക വരുമാന പരിധി 1,00,000/- രൂപ കവിയാൻ പാടില്ല. |
| (സി) | മേൽപ്പറഞ്ഞ പദ്ധതിക്കായി അപേക്ഷകൾ നൽകേണ്ടതിന്റെ വിശദവിവരങ്ങൾ വ്യക്തമാക്കാമോ? | (സി) | പഠനമുറി പദ്ധതിയുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് ഗ്രാമസഭ/വാർഡ്സഭ ലിസ്റ്റിൽ നിന്നാണ്. ടി ലിസ്റ്റിലെ മുൻഗണനാ ക്രമമനുസരിച്ചാണ് നിർവ്വഹണ ഉദ്യോഗസ്ഥനായ ബന്ധപ്പെട്ട ബ്ലോക്ക്/മുനിസിപ്പൽ/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർ ഗുണഭോക്താവിൽ നിന്നും ആവശ്യമായ രേഖകൾ സ്വീകരിച്ച് പഠനമുറി അനുവദിക്കുന്നത്. പഠനമുറി പദ്ധതിയ്ക്ക് വകുപ്പ് നേരിട്ട് അപേക്ഷ ക്ഷണിക്കാറില്ല. |

സെക്ഷൻ ഓഫീസർ